**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3796** — **20.10.2016-ൽ മറുപടിയ്ക്ക്**

## കലവറ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവന നിർമ്മാണത്തിനായി 'കലവറ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഗുണ ഭോക്താക്കൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ; | (ബി) 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന / അറ്റകുറ്റ പണികൾ നടത്തുന്ന വ്യക്തികളാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. |
| (സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ? | (സി) 1. 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/അറ്റകുറ്റ പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/ എൻ.ഒ.സി.യോ ലഭിച്ച രേഖകൾ നൽകണം.<br>3. ബി.പി.എൽ വിഭാഗത്തിൽപെട്ടവർ ആണെങ്കിൽ അത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകണം.<br>4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.<br>5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റ പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്ക് ശേഷം സാമഗ്രികൾ നൽകി വരുന്നു |

സെക്ഷൻ ഓഫീസർ